# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2092** **06.02.2019-ൽ മറുപടിക്ക്**

**<u>കേന്ദ്രാവിഷ്കൃത ആരോഗ്യ പദ്ധതികൾ</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 18 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം പദ്ധതി പ്രകാരം സംസ്ഥാനത്ത് ഈ വർഷം ഉണ്ടാക്കാനായ നേട്ടം അറിയിക്കാമോ; | (എ) | 18 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം (ആർ.ബി.എസ്.കെ.) പദ്ധതി വഴി 2018-19 കാലഘട്ടത്തിൽ 24,84,282 ലക്ഷം കുട്ടികൾക്ക് ചികിത്സ സേവനങ്ങൾ ലഭ്യമാക്കി. സർക്കാർ പ്രസവാശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെട്ട 'ശലഭം കോമ്പ്രിഹെൻസീവ് ന്യൂബോൺ സ്ക്രീനിംഗ്' പദ്ധതി വഴി സ്ക്രീനിംഗ് നടത്തുന്നുണ്ട്. 119529 കുട്ടികളെ സ്ക്രീനിംഗ് നടത്തിയതിൽ 1634 കുട്ടികൾക്ക് വൈകല്യം കണ്ടെത്തി ചികിത്സ ഉറപ്പ് വരുത്തിയിട്ടുണ്ട്. ആർ.ബി.എസ്.കെ. പ്രോഗ്രാമിന്റെ ഭാഗമായ 'ഹൃദ്യം' പദ്ധതി വഴി 2432 കുട്ടികൾ ഹൃദ്രോഗചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 654 കുട്ടികൾക്ക് ഇതിനോടകം ശസ്ത്രക്രിയ നടന്നു കഴിഞ്ഞു. മറ്റ് കുട്ടികളെ ഹൃദ്യം പദ്ധതി മുഖാന്തിരം ചികിത്സയുടെ വിവിധ ഘട്ടങ്ങളിൽ കൃത്യമായ ഫോളോ അപ് ചെയ്ത് വരുന്നു. ആർ.ബി.എസ്.കെ. പദ്ധതി വഴി ശ്രീ ചിത്രാ ആശുപത്രി മുഖാന്തിരം 13593 കുട്ടികൾക്ക് ഒ.പി. വഴിയും 1999 കുട്ടികൾക്ക് ഐ.പി. വഴിയും സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നാലര ലക്ഷത്തോളം കുട്ടികൾക്ക് ആർ.ബി.എസ്.കെ. പദ്ധതി മുഖേന വിവിധ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ജനന വൈകല്യങ്ങളും വളർച്ചയിലെ വൈകല്യങ്ങളും നേരത്തേതന്നെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | ശലഭം പദ്ധതി മുഖേന സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും സമഗ്രമായ പരിശോധനകൾക്ക് വിധേയരാക്കുന്നു. ജനിച്ച് 24 മണിക്കൂറിനുള്ളിൽ വിസിബിൾ ബെർത്ത് ഡിഫക്ട് (Visible Birth Defect) സ്ക്രീനിംഗ്, 24-48 മണിക്കൂറിനുള്ളിൽ |

| | | | |
|---|---|---|---|
| | | | ജന്മനായുള്ള ഹൃദ്രോഗ ബാധ തിരിച്ചറിയുന്നതിന് പൾസ് ഓക്സിമെട്രിക് (Pulse Oximetri) സ്ക്രീനിംഗ്, കേൾവി പരിശോധനയ്ക്കായി ഓട്ടോ അകാസ്റ്റിക് എമിഷൻ (OAE) സ്ക്രീനിംഗും നടത്തപ്പെടുന്നു. കൂടാതെ ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന് 48 മണിക്കൂറിനുള്ളിൽ ഐ.ഇ.എം. (IEM) രക്തപരിശോധനയും ആവശ്യമായ മറ്റ് പരിശോധനകളും നടത്തുന്നുണ്ട്. |
| (സി) | തിരുവനന്തപുരത്തുള്ള ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ ഈ സർക്കാരിന്റെകാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (സി) | കുട്ടികളിലെ ബുദ്ധിവികാസ വ്യതിയാനങ്ങളും തകരാറുകളും വളർച്ചയിലെ കുറവും കാലതാമസവും കുട്ടികൾ തൂക്കം കുറഞ്ഞു ജനിക്കുന്നതിന്റെ കാരണങ്ങളും പ്രശ്നങ്ങളും കൗമാര പ്രയത്തിലെ പോഷകാഹാരക്കുറവ് ഉണ്ടാക്കുന്ന പ്രശ്നങ്ങളും തുടങ്ങിയവ പഠിക്കുകയും ആധുനിക ചികിത്സ രീതികൾ രൂപപ്പെടുത്തുകയുമാണ് സി ഡി സി യുടെ പ്രധാന ദൗത്യം. സി.ഡി.സി.യുടെ 15 ക്ലിനിക്കുകൾ ഇപ്പോൾ സജ്ജമായിട്ടുണ്ട് 29474 പേരാണ് ഇതുവരെ ചികിത്സ തേടിയത്.<br>IAP Fellowship in Development and Behavioural Pediatrics Course എന്ന കോഴ്സ് നടത്തുന്നുണ്ട് ഓരോ വർഷവും രണ്ടു ഡോക്ടർമാരാണ് ഈ കോഴ്സിൽ ചേർന്ന് പഠിക്കുന്നത്. പത്തോളം ഗവേഷണ പഠനങ്ങൾ പൂർത്തിയാക്കി ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിനേഴോളം ഗവേഷണ പഠനങ്ങൾ നടന്നു വരികയാണ്. തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെമെന്റ് സെന്റർ കുട്ടികളുടെയും, കൗമാരക്കാരുടെയും വികസനത്തിനുവേണ്ടി വിവിധതരം ഗവേഷണങ്ങളും പരിശീലങ്ങളും ഏറ്റെടുത്ത നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സ്ഥാപനമാണ് ചൈൽഡ് ഡെവപ്മെൻറ് സെന്ററിനെ സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. സി.ഡി.സി. യെ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വേണ്ടിയുള്ള സെന്റർ ആയി പ്രഖ്യാപിച്ചു പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിനു പുറമെ സാമൂഹ്യ സുരക്ഷാമിഷൻ, വനിതാ ശിശു വികസന വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളിലെ ഗവേഷണ പരിപാടികളും നടത്തുന്നുണ്ട്. |
| (ഡി) | ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ നടപ്പാക്കി വരുന്ന കൗമാര ആരോഗ്യ പദ്ധതി | (ഡി) | കേരളത്തിലെ ഏകദേശം 70 ലക്ഷത്തോളം വരുന്ന കൗമാരക്കാരായ ഗുണഭോക്താക്കൾക്ക് അവരുടെ വളർച്ചയുടെയും മാനസിക, പ്രജനന വികാസത്തിന്റെയും പ്രത്യേക ആവശ്യങ്ങൾക്ക് |

| | | | |
|---|---|---|---|
| | പ്രകാരം ഉണ്ടാക്കിയ നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ? | | ഊന്നൽ നൽകിക്കൊണ്ടുള്ള സമഗ്രമായ സേവനങ്ങൾ നൽകുക എന്നതാണ് കൗമാര ആരോഗ്യ പദ്ധതിയുടെ (ആർ.കെ.എസ്.കെ) ലക്ഷ്യം. ഇത്തരത്തിലുള്ള 58 കൗമാര ആരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇതിൽ 24 കേന്ദ്രങ്ങൾ ആർ.കെ.എസ്.കെ. പദ്ധതിയുടെ ഭാഗമായിട്ടുള്ളവയാണ്. 5 പുതിയ കേന്ദ്രങ്ങൾ ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, മലപ്പുറം ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് 28 കൗമാര ആരോഗ്യ കേന്ദ്രങ്ങൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ഈ സാമ്പത്തിക വർഷം ആരംഭിക്കും. എൻ.എച്ച്.എം.-ന്റെ നേതൃത്വത്തിൽ കൗമാര ആരോഗ്യ കൗൺസിലർമാർ, ഔട്ട്റീച്ച് സേവനങ്ങൾ നൽകുന്നുണ്ട്.<br>**<u>രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രമം</u>**<br>കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ സഹായത്തോടെ നടത്തുന്ന പദ്ധതിയാണ് ആർ.കെ.എസ്.കെ. കൗമാരക്കാരായ കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ജീവിതശൈലീ രോഗങ്ങൾ, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തുടങ്ങിയവയിൽ ഇടപെടൽ നടത്തി പരിഹാരം കണ്ടെത്തുകയാണ് ചെയ്യുന്നത്. സമപ്രായക്കാർ വഴിയുള്ള ഇടപെടലാണ് ഇതിന് ചെയ്യുന്നത്. ഇതുവരെ 7088 കൗമാരപ്രായക്കാരായ കുട്ടികളെ പിയർ എഡ്യൂക്കേറ്റർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്.<br>**<u>ആർത്തവ ശുചിത്വ പദ്ധതി</u>**<br>ആർത്തവ ശുചിത്വ പദ്ധതിയുടെ ഭാഗമായി കോട്ടയം, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കൗമാരക്കാരായ പെൺകുട്ടികൾക്ക് ആശാ വർക്കർമാർ വഴി കുറഞ്ഞ ചെലവിൽ സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്യുന്നുണ്ട്. കൗമാര ആരോഗ്യ വിദ്യാഭ്യാസ കൗൺസിലിംഗ് എന്നിവയും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ